## പതിമൂന്നാം കേരള നിയമസഭ

## പതിനൊന്നാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം : 5250** | **01. 07. 2014 ൽ മറുപടിക്ക്**

### ലാഭപ്രഭ പദ്ധതി

ചോദ്യം

ശ്രീ. കെ. അജിത്

ഉത്തരം

ശ്രീ. ആര്യാടൻ മുഹമ്മദ്
(ഊർജ്ജ വകുപ്പ് മന്ത്രി)

| | | | |
|---|---|---|---|
| (എ) | വൈദ്യുതി ബോർഡ് ആരംഭിച്ച ലാഭപ്രഭ പദ്ധതി നിലവിലുണ്ടോയെന്ന് അറിയിക്കുമോ; | (എ) | ഉണ്ട് |
| (ബി) | ലാഭപ്രഭ പദ്ധതിയുടെ പ്രചാരണത്തിനായി മുൻവർഷം എത്ര രൂപ ബോർഡ് ചെലവഴിച്ചു എന്ന് വ്യക്തമാക്കുമോ; | (ബി) | ലാഭപ്രഭ – 2013 (സീസൺ 1) ന്റെ പ്രചാരണത്തിനായി 2,96,34,822/- രൂപ ചെലവഴിച്ചു. |
| (സി) | ലാഭപ്രഭ പദ്ധതിയിലൂടെ മുൻവർഷം എത്ര യൂണിറ്റ് വൈദ്യുതിയുടെ ലാഭം ബോർഡിന് ഉണ്ടായതായാണ് കണക്കാക്കുന്നത്; | (സി) | 2013 മാർച്ച് 23 ന് ആരംഭിച്ച് മെയ് 31 ന് അവസാനിച്ച ലാഭപ്രഭ (സീസൺ -1) കാമ്പയിൻ പീരിയഡിൽ ആകെ 13,98,750 യൂണിറ്റിന്റെ കുറവ് രേഖപ്പെടുത്തി. 24 ഫീഡറുകൾ കേന്ദ്രീകരിച്ച് നടത്തിയ നോ-ലോഡ് ഷെഡ്ഡിംഗ് കാമ്പയിനിൽ പത്തു ഫീഡറുകളിൽ നിന്ന് മാത്രമായി 8.82 ലക്ഷം യൂണിറ്റിന്റെ ലാഭവും രേഖപ്പെടുത്തി. മൊത്തം ലാഭം : 22,80,750 യൂണിറ്റ്. |
| (ഡി) | ലാഭപ്രഭ പദ്ധതി വിജയമായിരുന്നതായി വിലയിരുത്തിയിട്ടുണ്ടോ; വ്യക്തമാക്കുമോ? | (ഡി) | ലാഭപ്രഭ-2013 (സീസൺ 1) പദ്ധതിയിൽ രജിസ്റ്റർ ചെയ്തവരിൽ 27,381 പേർ 2013 ഫെബ്രുവരി-മാർച്ച് മാസങ്ങളെ അപേക്ഷിച്ച് ഏപ്രിൽ-മെയ് മാസങ്ങളിൽ ഉപഭോഗത്തിൽ കുറവ് രേഖപ്പെടുത്തി.<br>ഫെബ്രുവരി-മാർച്ച് മാസത്തെ ഉപഭോഗം : 101864.37 യൂണിറ്റ്.<br>ഏപ്രിൽ-മെയ് മാസത്തെ ഉപഭോഗം : 81592.6 യൂണിറ്റ്.<br>നോ-ലോഡ് ഷെഡ്ഡിംഗ് കാമ്പയിൻ, ലാഭപ്രഭ എന്നീ പദ്ധതികൾമൂലം ഉപഭോഗം 20 ശതമാനം വരെ കുറയ്ക്കാൻ കഴിഞ്ഞിട്ടുണ്ട്. 2013 |

| | | | | |
|---|---|---|---|---|
| | | | | മാർച്ചിൽ പ്രതിദിനം ശരാശരി 62 ദശലക്ഷം യൂണിറ്റാണ് ഉപഭോഗം പ്രതീക്ഷിച്ചതെങ്കിലും ശരാശരി 58.85 ദശലക്ഷം യൂണിറ്റിന്റെ ഉപഭോഗമേ ഉണ്ടായിട്ടുള്ളൂ. 2013 മെയ് മാസത്തിൽ പ്രതിദിനം 59.9 ദശലക്ഷം യൂണിറ്റ് ഉപഭോഗം പ്രതീക്ഷിച്ചെങ്കിലും ശരാശരി 57.185 ദശലക്ഷം യൂണിറ്റായിരുന്നു യഥാർത്ഥ ഉപഭോഗം. ഉപഭോഗത്തിലുണ്ടായ ഗണ്യമായ കുറവ് ലാഭപ്രഭയ്ക്ക് ഉപഭോക്താക്കളിൽ നിന്നും നല്ല പ്രതികരണമാണ് ലഭിച്ചത് എന്നതിന്റെ തെളിവാണ്.<br><br>ലാഭപ്രഭ-2014 പദ്ധതിയിൽ 1,93,000 പേർ രജിസ്റ്റർ ചെയ്തിട്ടുണ്ട്. ഊർജ്ജ സംരക്ഷണ ബോധവൽക്കരണ പരിപാടി എന്ന നിലയിൽ ലാഭപ്രഭയിലൂടെ കേരളത്തിലെ മുഴുവൻ ജനങ്ങളേയും വൈദ്യുതി ലാഭിക്കാൻ പ്രേരിപ്പിക്കുകയും ഇതുവഴിയുണ്ടാകുന്ന ലാഭം ഉപഭോക്താവുമായി പങ്കുവയ്ക്കുകയുമായിരുന്നു ലക്ഷ്യം. സംസ്ഥാനത്തെ ആദ്യത്തെ വൈദ്യുതി ഉപഭോഗസാക്ഷരതാ പരിപാടി എന്ന നിലയിൽകൂടിയാണ് ലാഭപ്രഭ നടപ്പാക്കിയത്. ഈ പദ്ധതിയുടെ സന്ദേശം എല്ലാവരിലും എത്തിയെന്നതുതന്നെ ഇതിന്റെ വിജയത്തെയാണ് സൂചിപ്പിക്കുന്നത്. |

സെക്ഷൻ ഓഫീസർ